(ബി) ഓവർസ്പീഡ് കാരണമാണ് അപകടങ്ങൾ കൂടുതലും സംഭവിക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് ഓവർസ്പീഡ് തടയാൻ കർശനമായ നിർദ്ദേശം നൽകുമോ;

(സി) പ്രൈവറ്റ് ബസ്സുകൾ ഓട്ടമത്സരം നടത്തുന്നതു കൊണ്ട് ജനങ്ങൾക്ക് സുരക്ഷിതമായി ഇറങ്ങാനും കയറാനും കഴിയാതെ വരുന്നതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മത്സര ഓട്ടം തടയാൻ ബന്ധപ്പെട്ടവർക്ക് കർശനമായ നിർദ്ദേശം നൽകുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ട്രാഫിക് പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിന് ജില്ലാ നിലവാരത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ട്രാഫിക് ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി കൗൺസിൽ രൂപീകരിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(ബി) ഓവർസ്പീഡിന്റെ നിയന്ത്രണം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓവർസ്പീഡ് പരിശോധിക്കാനായി ആധുനികോപകരണങ്ങൾ ഉപയോഗിക്കാനും മേഖലാ-ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഫ്ളെയിംഗ് സ്ക്വാഡ് ശക്തിപ്പെടുത്താനും തദ്ദേശ വാഹനങ്ങൾ കർശനമായി പരിശോധിക്കാനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി ആൻറ് ഡി) അത്തരം ചില പരാതികൾ കിട്ടുകയും അതിൻ മേൽ വ്യക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഈ പ്രശ്നം കർക്കശമായി കൈകാര്യം ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

നല്ല ഗ്രാമ സേവകനെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം

* 197 [229] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ബ്ലോക്ക് തലത്തിൽ ഏറ്റവും നല്ല ഗ്രാമസേവകനെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അത് പുനരാരംഭിക്കുവാൻ നടപടിയെടുക്കുമോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ അനുവദിച്ചിട്ടുള്ള ബാങ്കുകൾ

* 198 [230] ശ്രീ. എ. ജോർജ്ജ്:
,, ഇ. ജെ. ലൂക്കോസ്:
,, വി. വി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനത്തിനായി ഏതെങ്കിലും ബാങ്കുകൾ ഈ വർഷം വായ്പ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly